**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.614 28.02.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ്

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.റോജി എം.ജോൺ<br>ശ്രീ. വി.ടി.ബൽറാം | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

<table>
<tr><td>എ)</td><td>സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പിൽ എന്തെങ്കിലും ക്രമക്കേട് സംസ്ഥാന സ്പോർട്സ് കൗൺസിൽ നിയോഗിച്ച വിദഗ്ധ സമിതി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;</td><td>എ)</td><td>ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ഹോസ്റ്റലുകളിലെ പ്രവർത്തനത്തിലെ പോരായ്മകൾ സംബന്ധിച്ച് വിദഗ്ധ സമിതി പരിശോധിയ്ക്കുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അതിൽ എത്ര ഹോസ്റ്റലുകളാണ് പൂട്ടുവാൻ തീരുമാനിച്ചിട്ടുള്ളത് എന്നും അറിയിക്കുമോ;</td><td>ബി)</td><td><table>
<tr><th>ഹോസ്റ്റൽ</th><th>എണ്ണം</th><th>കുട്ടികളുടെ എണ്ണം</th></tr>
<tr><td>സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ</td><td>24</td><td>873</td></tr>
<tr><td>കോളേജ് സ്പോർട്സ് ഹോസ്റ്റൽ</td><td>52</td><td>1231</td></tr>
<tr><td>സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ</td><td>24</td><td>489</td></tr>
</table>
നിലവിൽ സ്പോർട്സ് ഹോസ്റ്റലുകൾ പൂട്ടുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.</td></tr>
<tr><td>സി)</td><td>സ്പോർട്സ് ഹോസ്റ്റലുകളുടെ നിയന്ത്രണം ആർക്കാണ് എന്ന് വ്യക്തമാക്കുമോ;</td><td>സി)</td><td>സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പും മേൽനോട്ടവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനും</td></tr>
</table>

| | | | |
|---|---|---|---|
| | | | സ്കൂൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ് അതാത് സ്കൂൾ, കോളേജ് മാനേജ്മെന്റുകൾക്കമാണ്. |
| ഡി) | ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പരിശോധന ശക്തമാക്കി സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പ് മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന എല്ലാ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനവും നടത്തിപ്പും കർശനമായി പരിശോധിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ പ്രസ്തുത ഹോസ്റ്റലുകൾ നേരിട്ട് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ